ഒ. 6/01/22

16/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1343(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 11966/SIC-G4/2021)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2021 ഡിസംബർ 16

ശ്രീ.ജയൻ കെ.എസ്.,
കാഞ്ഞിരത്തിങ്കൽ വീട്,
എൻ.എച്ച്. മൂലേപ്പാടം റോഡ്,
എച്ച്.എം.റ്റി. ജംഗ്ഷൻ, കളമശ്ശേരി – 683 104. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ് (കെട്ടിടം) വൈദ്യുതി
വിഭാഗം, ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പബ്ലിക് ഓഫീസ്, തിരുവനന്തപുരം – 33.
2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ,
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,,
പൊതുമരാമത്ത് വകുപ്പ് (കെട്ടിടം) വൈദ്യുതി വിഭാഗം,
പബ്ലിക് ഓഫീസ്, തിരുവനന്തപുരം – 33. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/06/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 06/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 23/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/10/2021 |
| ഹിയറിംഗ് നടന്ന തീയതി | 14/12/2021 –ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജയൻ കെ.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ മറുപടി നൽകിയതിനെ തുടർന്ന് അപ്പീൽ സമർപ്പിച്ചു എന്നും ടി അപ്പീലധികാരിയുടെ പേര് പോലും വെളിപ്പെടുത്താതെ ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരി വച്ചുകൊണ്ടുള്ള മറുപടിയാണ് അപ്പീൽ അധികാരി നൽകിയതെന്നും ആയതിനാൽ കമ്മീഷൻ വസ്തുതകൾ പരിശോധിച്ച് വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടികൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായ നിയമനടപടികൾ

സ്വീകരിക്കണമെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ്.

2. 16.04.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് വൈദ്യുതീകരണത്തിന് ഉപയോഗിക്കുന്ന സാമഗ്രികളുടെ ഡിപ്പാർട്ടുമെന്റ് അപ്രൂവലുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകളുടെ പകർപ്പുകളും വിശദാംശങ്ങളും നൽകണമെന്നാണ്:

i. 2019 ജനുവരി 1-ാം തീയതി മുതൽ 2021 ഏപ്രിൽ 15-ാം തീയതി വരെ എതിർകക്ഷി കാര്യാലയത്തിൽ നിന്നും നൽകിയിരിക്കുന്ന വൈദ്യുതീകരണ സാമഗ്രികളുടെ/കമ്പനികളുടെ പേരു വിവരങ്ങളുള്ള രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

ii. ടി അപ്രൂവലുകൾ പൊതുമരാമത്തു മാന്വലിന്റെ ഏതു സെക്ഷൻ പ്രകാരമാണ് ഓരോന്നിനും നൽകിയിട്ടുള്ളതെന്നും

iii. ESSJAY ELECTROLINKS PRIVATE LIMITED ന്റെ 2014 മുതലുള്ള നിരവധി അപേക്ഷകൾ ടി കാര്യാലയത്തിൽ പെൻഡിംഗുള്ളത് പൊതുമരാമത്തു മാന്വൽ ഐറ്റം 19 ഓഫ് സബ് സെക്ഷൻ 207 ഓഫ് സെക്ഷൻ 200 പ്രകാരം എൽ.റ്റി. പാനൽ നിർമ്മിക്കുന്നതിനുള്ള അപ്രൂവൽ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്/ നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.06.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 06.07.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തെറ്റായതാണെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ അയച്ചു നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട കാലയളവിലെ രേഖകൾ എതിർകക്ഷി കാര്യാലയത്തിൽ ഫയലുകളാക്കി സൂക്ഷിച്ചിരിക്കുന്നതിനാലാണ് ലോക്ഡൗൺ മാറുന്ന മുറയ്ക്ക് ഓഫീസിലെത്തി രേഖകൾ പരിശോധിക്കാമെന്ന് എസ്.പി.ഐ.ഒ. ആവശ്യപ്പെട്ടിരുന്നത് എന്നും അപേക്ഷയിലെ 2-ാമത്തെ ചോദ്യത്തിനുള്ള മറുപടി പൊതുമരാമത്തു വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള പി.ഡബ്ല്യു.ഡി. മാന്വലിന്റെ സെക്ഷൻ 2303 പരിശോധിച്ചാൽ ലഭിക്കുന്നതാണെന്നും കൂടാതെ എൽ.ടി. പാനൽ നിർമ്മിക്കുന്നതിലേക്കായി മാത്രം ടി കാര്യാലയത്തിൽ നിന്നും അപ്രൂവലുകൾ ഒന്നും തന്നെ നൽകിയിട്ടില്ലെന്നും ആയതിനാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ തെറ്റായിട്ടുള്ളതോ നിയമപ്രകാരമല്ലാത്തതുമായ യാതൊന്നുമില്ല എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജയൻ കെ.എസ്. 16.4.2021-ന് നൽകിയ വിവരാവകാശ

അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ തൃപ്തനാകാതെയാണ് അപ്പീൽ സമർപ്പിച്ചതെന്നും അപ്പീലിലെ ചോദ്യം 1 ൽ എതിർകക്ഷി കാര്യാലയത്തിൽ നിന്നും നൽകിയിരിക്കുന്ന വൈദ്യുതീകരണ സാമഗ്രികളുടെ/കമ്പനികളുടെ അപ്രൂവൽ പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്ററിന്റെ പകർപ്പാണ് ആവശ്യപ്പെട്ടതെന്നും അപ്രൂവലുകൾ രജിസ്റ്ററിൽ അല്ലാതെ അവയുടെ വിവരങ്ങൾ ഓരോ ഫയലുകളായിട്ടാണ് ടി കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്നത് എന്നും വേണ്ടപ്പെട്ട വിവരങ്ങൾ വേണ്ടപ്പെട്ട ഫയലുകളിൽ നിന്നും ലഭ്യമാക്കുവാൻ അനുവദിച്ചിരുന്നതാണെന്നും ചോദ്യം നമ്പർ: 2-ൽ ടി അപ്രൂവലുകൾ നൽകുന്നത് മാന്വലിന്റെ ഏതു സെക്ഷൻ പ്രകാരം എന്നതിന് ടി കാര്യാലയത്തിൽ നിന്നും ഇലക്ട്രിക്കൽ സാമഗ്രികളുടെ അപ്രൂവൽ നൽകുന്നത് പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2303 പ്രകാരമാണെന്നും വൈദ്യുത സാമഗ്രികൾക്ക് അപ്രൂവൽ നൽകുന്നതുപോലെ എൽ.റ്റി. പാനൽ നിർമ്മിക്കുന്നതിലേക്കായി ടി കാര്യാലയത്തിൽ നിന്ന് അപ്രൂവലുകൾ ഒന്നും തന്നെ നൽകിയിട്ടില്ലെന്നും ആയതിനാൽ അതിന്റെ പകർപ്പ് എതിർകക്ഷി കാര്യലയത്തിൽ ലഭ്യമല്ലെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 16.4.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 24.6.2021-നും, 6.7.2021-ലെ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് 24.8.2021-നുമാണ് എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതെന്നും അതുപോലെ തന്നെ ടി രണ്ട് മറുപടികളിലും 30.3.2016-ലെ 69503/സി.ഡി.എൻ-5/2015/ജി.എ.ഡി. നമ്പർ സർക്കുലറിൽ നിഷ്കർഷിക്കും പ്രകാരമുള്ള വിവരങ്ങളായ അപ്പീൽ കാലാവധി, അപ്പീൽ അധികാരിയുടെ വിലാസം തുടങ്ങിയ വിവരങ്ങൾ ചേർക്കാതെയാണ് മറുപടി നൽകിയിട്ടുള്ളതെന്നും കാണുന്നു. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായും വിവരാവകാശ നിയമപ്രകാരമുള്ള മേൽ വിവരങ്ങൾ രേഖപ്പെടുത്തിയും മറുപടി നൽകാത്തത് ടി നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരായ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി

എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും [illegible] ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കാതിരുന്നതും വിവരാവകാശ നിയമപ്രകാരം നൽകുന്ന മറുപടിയിൽ മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള അപ്പീൽ കാലാവധി, രണ്ടാം അപ്പീൽ സമർപ്പിക്കേണ്ട വിലാസം എന്നിവ ചേർക്കാതിരുന്നതും വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമായതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ രണ്ടാം എതിർകക്ഷി ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്.

7. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം/രേഖകൾ ഓരോ ഫയലുകളിലായാണ് സൂക്ഷിച്ചിരിക്കുന്നത് എന്നതിനാൽ 2019 ജനുവരി 1 മുതൽ 2021 ഏപ്രിൽ 15 വരെയുള്ള എല്ലാ ഫയലുകളും പരിശോധിച്ച് വിവരം നൽകുക എന്നത് എതിർകക്ഷി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന മറ്റ് സേവനത്തിന് തടസ്സമുണ്ടാകാൻ സാധ്യതയുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ അപേക്ഷയിലെ ഒന്നാം ഇനത്തിന് ഹർജിക്കാരനോട് നേരിട്ട് ഹാജരായി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ എടുക്കാൻ നിർദ്ദേശിച്ചത് വിവരനിഷേധമായി കാണാൻ കഴിയില്ല. അപേക്ഷയിലെ 2-ാമത് ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം വിശദീകരണം, വ്യഖ്യാനം, സംശയനിവാരണം എന്നീ ഗണത്തിൽപ്പെട്ടതായതിനാൽ ആയതിന് എതിർകക്ഷി നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. മൂന്നാമത് ഇനത്തിന് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ഉന്നയിച്ച തരത്തിലുള്ള വിവരനിഷേധം ഉണ്ടായതായി കാണുന്നില്ല. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ രേഖകൾ നേരിട്ട് പരിശോധിച്ച് പകർപ്പുകൾ എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരിക്കൽ കൂടി എതിർകക്ഷികൾ ഹർജിക്കാരനോ ടിയാന്റെ പ്രതിനിധിക്കോ നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us